രൂപീകരിച്ചിട്ടുണ്ട്. കൂടാതെ റിവൈവൽ ആൻഡ് റീഹാബിലിറ്റേഷൻ സ്കീം ഫോർ ഡിഫൻക്ട് എം.എസ്.എം.ഇ ആൻഡ് കാഷ്യൂ പ്രോസസിംഗ് യൂണിറ്റ്സ് എന്ന പദ്ധതിയും നിലവിലുണ്ട്. സർക്കാർ ബഡ്ജറ്റിൽ വകയിരുത്തി നൽകുന്ന പ്രവർത്തന മൂലധന സഹായം കോവിഡ്മൂലമുണ്ടായ പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് സംസ്ഥാനത്തെ വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വളരെയധികം സഹായമായിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഇതിനായി 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

പ്രവാസി മലയാളികൾക്ക് സഹായം

151(5310) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശങ്ങളിലേയ്ക്ക് കയറ്റുമതി-ഇറക്കുമതി വ്യാപാരം നടത്തുന്ന പ്രവാസി മലയാളികൾക്ക് പ്രത്യേക സഹായങ്ങൾ നൽകാൻ പദ്ധതി ഉണ്ടോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ;

(ബി) കേരളത്തിന്റെ സുഗന്ധദ്രവ്യങ്ങളും, കയർ, കുട്ടനാടൻ അരി മുതലായവ കൂടുതലായി കയറ്റി അയയ്ക്കുന്നതിന് പ്രത്യേക സഹായങ്ങൾ നൽകുന്നത് പരിഗണിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

(എ&ബി) സംരംഭക സഹായ പദ്ധതിയിൽ ഉത്പാദന മേഖലയിൽ പ്രവർത്തിക്കുന്ന 100% കയറ്റുമതി അധിഷ്ഠിതമായ സംരംഭങ്ങൾക്ക് മൂൻഗണനാ മേഖലയിൽ ഉൾപ്പെടുത്തി 10% അധിക സബ്സിഡി അനുവദിച്ചുവരുന്നു. കേരളത്തിൽ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു സ്റ്റേറ്റ് ലെവൽ എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റി (SLEPC) രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ യോഗതീരുമാനപ്രകാരം സംസ്ഥാനത്ത് കരട് എക്സ്പോർട്ട് പോളിസി തയ്യാറാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, ജില്ലാതല എക്സ്പോർട്ട് ഹബ്ബ് രൂപീകരിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കിവരുന്നു. കയറ്റുമതി വ്യാപാരം സുഗമമാക്കുന്നതിനായും കയറ്റുമതി ഉത്പന്നങ്ങൾ കണ്ടെത്തുന്നതിനും ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറായും ജില്ലാതല എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റി (DLEPC) രൂപീകരിക്കാൻ സ്റ്റേറ്റ് ലെവൽ എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റി (SLEPC) തീരുമാനിച്ചു. സ്റ്റേറ്റ് ലെവൽ എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റിയുടെ കീഴിൽ കൃഷി വകുപ്പ് സംസ്ഥാനതല അഗ്രിക്കൾച്ചറൽ പോളിസി തയ്യാറാക്കി അനുമതിക്കായി കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly